## യജ്ഞം നാളെ തുടങ്ങും

# ശബരിമല ശുചീകരിക്കാൻ അമൃതാനന്ദമയി മഠത്തിൽ നിന്ന് 3500 സന്നദ്ധപ്രവർത്തകർ

**അമൃതപുരി:** പമ്പയിലെയും സന്നിധാനത്തെയും മാലിന്യങ്ങൾ നീക്കാൻ മാതാഅമൃതാനന്ദമയിമഠത്തിൽ നിന്ന് 3500 സന്നദ്ധപ്രവർത്തകർ മൂന്ന്, നാല് തിയ്യതികളിൽ രംഗത്തിറങ്ങും. മാതാ അമൃതാനന്ദമയീദേവിയുടെ നിർദ്ദേശപ്രകാരമാണിത്.

മണ്ഡല-മകരവിളക്ക് ഉത്സവകാലം ആരംഭിക്കുന്നതിനു മുമ്പ് ശബരിമല ശുചീകരണത്തിന് മഠത്തിൽ നിന്നുള്ള സന്നദ്ധപ്രവർത്തകർ ഇറങ്ങുന്നത് ഇത് രണ്ടാംതവണയാണ്. കഴിഞ്ഞ വർഷത്തെയജ്ഞം വൻവിജയം ആയിരുന്നു. 1000പേർ പമ്പയിലും 2500പേർ സന്നിധാനത്തും ശുചീകരണം നടത്തും. ആശ്രമത്തിൽ നിന്നുള്ള ബ്രഹ്മചാരികൾക്കും ബ്രഹ്മചാരിണികൾക്കും പുറമെ കേരളം, കർണ്ണാടകം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള അമ്മയുടെ ഭക്തരും പങ്കെടുക്കും. അമൃത വിശ്വവിദ്യാപീഠത്തിൽ നിന്നുള്ള അധ്യാപകരുംവിദ്യാർഥികളും ഉണ്ടാവും. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് ശബരിമലയിൽ പരിസ്ഥിതി വകുപ്പിനെ ഏല്പിക്കും. സംസ്ഥാന ഗവൺമെൻറിൻെറ അഭ്യർത്ഥന മാനിച്ചാണ് ഈ ശ്രമദാനം.

കൊച്ചി അമൃത ആസ്പത്രിയിൽ നിന്നുള്ള മെഡിക്കൽ സംഘവും ഉണ്ടാവും. ശുചീകരണത്തിനുള്ള ഉപകരണങ്ങൾ മഠം നൽകും.